24/11/21

9/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.28(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.785/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സുധീർ വി.,
വിണ്ണൻചാത്ത് ഹൗസ്,
കുറ്റിപ്പുറം, മലപ്പുറം-679 571 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജൂനിയർ സൂപ്രണ്ട് ,
   താലൂക്ക് ഓഫീസ്, തിരൂർ,
   മലപ്പുറം

2. അപ്പീൽ അധികാരി &
   തഹസിൽദാർ,
   തിരൂർ, മലപ്പുറം

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17.01.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14.02.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.02.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.10.2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.01.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 08.03.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 13.10.2021 |

| | |
|---|---|
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുധീർ വി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 17.01.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, കുറ്റിപ്പുറം 18–ാം വാർഡിൽ മല്ലൂർക്കടവ് NH Bridge അപ്രോച്ച് റോഡിനു സമീപമുളള നെൽപ്പാടത്തെ പൂർവ്വ സ്ഥിതിയാലാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേൽ വിവരങ്ങൾ ലഭ്യക്കുന്നതു സംബന്ധിച്ച ചോദ്യങ്ങളാണ്. ആയതിന് 14.02.2020 ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച ഭൂമിയിൽ മണ്ണ് ഇടുകയോ തരം മാറ്റാൻ ശ്രമിച്ചതായോ കാണുന്നില്ലാ എന്നും പരാതി വാസ്തവ വിരുദ്ധമാണെന്നും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തുടർ നടപടി സ്വീകരിക്കാൻ കഴിയില്ലെന്നാണ്.

ആയതിനാൽ ടിയാൻ 27.02.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിരുന്നുവെന്നും ടി മറുപടിയിലെ ക്രമനമ്പർ 4 ന് നൽകിയ മറുപടി വ്യക്തത വന്നിട്ടില്ലെന്നും 4-ാം നമ്പർ മറുപടിയിൽ കൂടുതൽ വ്യക്തത വരുത്തി ഹർജിക്കാരന് നൽകണമെന്ന് നിർദ്ദേശിച്ചതായും കാണുന്നു.

3. രണ്ടാം എതിർകക്ഷി 27.02.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട നാലാം നമ്പർ ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ള ഭൂമിക്ക് ആരും നികുതി അടച്ചു വരുന്നില്ല എന്നും ആധാര പ്രകാരം കളത്തിൽ മോഹനൻ എന്നവർക്ക് ഗതാഗത അവകാശം മാത്രമാണുള്ളതെന്നും പ്രസ്തുത ഭൂമിയുടെ നികുതി വെള്ളാട്ടു വളപ്പിൽ രാമൻ എന്നവർ 28.10.2020 തീയതി വരെ നികുതി അടവാക്കിയതായി കാണുന്നുവെന്നും റീസർവ്വെ കഴിയാത്ത വില്ലേജ് ആയതിനാൽ എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ അപാകതയില്ലെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ 17.01.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 14.02.2020 തീയതി മറുപടി നൽകിയതായി കാണുന്നു. കൂടാതെ 27.02.2020 ലെ ടിയാന്റെ അപ്പീൽ അപേക്ഷ അപ്പീൽ അധികാരിയും 12.10.2020 തീയതി തീർപ്പാക്കിയതായും കാണുന്നു. 13.10.2021 ൽ നടത്തിയ ആഡിയോ ഹിയറിംഗിൽ ഹർജിക്കാരനും എതിർകക്ഷിയും പങ്കെടുത്തു. ടി ഹിയറിംഗിൽ എതിർകക്ഷി മൊഴി നൽകിയത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ചോദ്യങ്ങൾ

പൂർണ്ണമായും വ്യക്തമായില്ലെന്നാണ്. എതിർകക്ഷികൾ ഹർജിക്കാരന് മന:പൂർവ്വം മറുപടി നിഷേധിച്ചതായി കമ്മീഷൻ കരുതുന്നില്ല. ഹിയറിംഗിൽ വേളയിൽ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് ഹർജികക്ഷി ആയത് ഉൾക്കൊണ്ടുതന്നെ കൂടുതൽ വ്യക്തതയോടെ ചോദ്യങ്ങൾ ഒന്നുകൂടി എതിർകക്ഷി മുമ്പാകെ എഴുതി സമർപ്പിക്കാൻ തയ്യാറാവുകയും ചെയ്തു. ആയതു പ്രകാരം ഹർജികക്ഷി ആവശ്യപ്പെട്ട 20.10.2021 തീയതി രേഖപ്പെടുത്തിയ (3) ചോദ്യങ്ങൾ കമ്മീഷൻ മുമ്പാകെ അയച്ചു നൽകിയത് ഒന്നാം എതിർകക്ഷിക്ക് അയച്ചു നൽകുകയും ചെയ്തു. ഹർജിക്കാരന്റെ ടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 01.11.2021 ൽ 2/20-(2) നമ്പർ പ്രകാരം മറുപടി അയച്ചു നൽകിയത് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയതായും കാണുന്നു. മേൽ സാഹചര്യത്തിൽ ഈ അപ്പീൽ അപേക്ഷയിന്മേൽ തുടർനടപടി ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 09-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp